GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/10/2026

1. ക്ഷീര വികസന വകുപ്പ്, തിരുവനന്തപുരം, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം പരിശീലന കേന്ദ്രത്തിൽ വച്ച് **ഒക്ടോബർ 15, 16 തീയതികളിൽ 2 ദിവസത്തെ "തീറ്റപ്പുൽകൃഷി വികസനവും സൈലേജ് നിർമ്മാണവും"** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് – 20/-രൂപ. പങ്കെടുക്കുവാൻ താത്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ

വിവരങ്ങൾക്ക് **9400058641 /** 9388834424 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കാർഷിക യന്ത്രങ്ങൾ 50 ശതാമാനം വരെ സബ്സിഡിയിൽ ലഭിക്കുന്ന സ്മാം (SMAM) അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 15 വരെ അപേക്ഷ സ്വീകരിക്കും. പദ്ധതിയിലൂടെ കാർഷിക യന്ത്രങ്ങൾ, വിളവെടുപ്പ യന്ത്രങ്ങൾ, വിള സംസ്കരണ ഉപകരണങ്ങൾ, മൂല്യവർധിത ഉൽപ്പന്ന നിർമാണ യന്തങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ ലഭിക്കും. വ്യക്തിഗത കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയാണ് സബ്സിഡി അനുവദിക്കുന്നത്. അനുവദിച്ച യന്ത്രങ്ങളുടെ എണ്ണത്തെക്കാൾ കൂടുതൽ അപേക്ഷകൾ ലഭിച്ചാൽ യോഗ്യരായ എല്ലാ അപേക്ഷകരേയും ഉൾപ്പെടുത്തി ഓൺലൈൻ നറുക്കെടുപ്പിലൂടെയായിരിക്കും തെരഞ്ഞെടുപ്പ്. കൂടുതൽ വിവരങ്ങൾക്ക് 8421672893, 9605632084 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യകൾ, പുതിയ വിപണി സാധ്യതകൾ, കർഷക സംരംഭകത്വം എന്നിവ പരിചയപ്പെടുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയിൽ വെച്ച് ഒക്ടോബർ 16 ന് ‘**അഗ്രിക്കോൺ 2026**’ സംഘടിപ്പിക്കുന്നു. ടൈ കേരളയും കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായാണ്

പരിപാടി സംഘടിപ്പിക്കുന്നത്. കർഷകർ, കാർഷിക സംരംഭകർ, പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യമുള്ളവർ എന്നിവർക്ക് പരിപാടിയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 7025888862, 702588872 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. തലയോലപ്പറമ്പ് മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 15, 16 തീയതികളിൽ വളർത്തു നായ്ക്കളുടെ പരിപാലനത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. നായകുട്ടിളെ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, നായ്ക്കളുടെ പരിശീലനം, പ്രജനനം, ജന്തു ജന്യ രോഗങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുക്കുന്നതാണ്. പരിശീലനത്തിൽ താൽപര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04829-234323 എന്ന ഫോൺ നമ്പറിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. കർഷകർക്കും കാർഷിക സംരംഭങ്ങൾക്കും കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പപദ്ധതിയിലേക്ക് 2027 മാർച്ച് 31 വരെ അപേക്ഷിക്കാം. രണ്ടു കോടി രൂപവരെയുള്ള വായ്പകൾ പരമാവധി ഏഴു വർഷ കാലയളവിലേക്ക് ആറുശതമാനം പലിശ നിരക്കിൽ ലഭ്യമാകും. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, ശീതീകരണ ശൃംഖല, കാർഷിക

യന്ത്രവൽക്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ കാർഷിക ലോജിസ്റ്റിക്സ് തുടങ്ങിയ പദ്ധതികൾക്ക് ധനസ ഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.agriinfra.dac.gov.in. എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 8921540233 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.